ഉത്തരം

(എ) ഉണ്ട്.

(ബി) പുതിയ ഉല്പന്നങ്ങളായ കോക്കനട്ട് ക്രീം, ഡസിക്കേറ്റഡ് കോക്കനട്ട്, കോക്കനട്ട് മിൽക്ക് പൗഡർ തുടങ്ങിയവയാണ് ഉൽപ്പാദിപ്പിക്കുവാൻ ഉദ്ദേശിക്കുന്നത്.

(സി) ഉണ്ട്.

(ഡി) ഇപ്പോൾ ദുബായിയിലും മറ്റു ജി.സി.സി. രാജ്യങ്ങളിലേക്കും കൂടാതെ ഇറാൻ, പാക്കിസ്ഥാൻ തുടങ്ങിയ രാജ്യങ്ങളിലെയും വിപണിയിൽ പ്രവേശിച്ചിട്ടുണ്ട്.

(ഇ) 'കേര ഗോൾഡ്' ബ്രാന്റ് വെളിച്ചെണ്ണ, കേരകേൾ, കേരജം, കേശാമൃത് എന്നീ ആയുർവേദ കേശതൈലങ്ങൾ, കേര ചമ്മന്തിപ്പൊടി, കേര തീയ്യൽക്കൂട്ട് മുതലായ സാധനങ്ങളാണ് കയറ്റി അയയ്ക്കുന്നത്.

കാലിത്തീറ്റയുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് നടപടി

104 [2859] *ശ്രീ. വർക്കല കഹാർ:*
„ *കെ. സി. ജോസഫ്:*
„ *ജോർജ്ജ് ജെ. മാത്യു:*
„ *ലൂഡി ലൂയിസ്:*

പ്രൊഫ. കെ. വി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രതിദിനം എത്ര ടൺ കാലിത്തീറ്റ ഉൽപ്പാദിപ്പിക്കപ്പെടുന്നു;

(ബി) സംസ്ഥാനത്തിനാവശ്യമായ കാലിത്തീറ്റയുടെ അളവ് എത്രയാണ്;

(സി) സംസ്ഥാനത്തേക്കാവശ്യമായ ബാക്കി കാലിത്തീറ്റ എവിടെനിന്നെല്ലാമാണ് സംസ്ഥാനത്ത് എത്തിച്ചേരുന്നത്;

(ഡി) ഇവയിൽ ഉമിയും പാറപ്പൊടിയും കൂടുതലായി കലർത്തിയിട്ടുണ്ടോ;

(ഇ) പോസ്റ്റുമോർട്ടം നടത്തുന്ന പശുക്കളുടെ വയറ്റിൽ പാറപ്പൊടി കണ്ടെത്തിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) സംസ്ഥാനത്ത് ആവശ്യമായ കാലിത്തീറ്റ ഉൽപ്പാദിപ്പിക്കുവാൻ എന്തെല്ലാം പദ്ധതികളുണ്ട്;

(ജി) അന്യസംസ്ഥാനത്തുനിന്നും കേരളത്തിലെത്തിച്ചേരുന്ന കാലിത്തീറ്റയുടെ ഗുണനിലവാരം പരിശോധിക്കുവാൻ എന്തെല്ലാം സംവിധാനങ്ങൾ നിലവിലുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) സംസ്ഥാനത്തെത്തുന്ന മുഴുവൻ കാലിത്തീറ്റയുടെയും ഗുണനിലവാരം പരിശോധിക്കുകയും, ദോഷമുള്ളവ സംസ്ഥാനത്തേക്ക് കടത്താതിരിക്കാനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പൊതുമേഖലാ സ്ഥാപനങ്ങൾ ഉല്പാദിപ്പിക്കുന്ന കാലിത്തീറ്റ ഉൾപ്പെടെ 2000 മെട്രിക് ടൺ കാലിത്തീറ്റ പ്രതിദിനം ഉല്പാദിപ്പിക്കുന്നു.

(ബി) ഏകദേശം 5500 മെട്രിക് ടൺ കാലിത്തീറ്റ പ്രതിദിനം ആവശ്യമുണ്ട്.

(സി) അയൽ സംസ്ഥാനങ്ങളായ തമിഴ്നാട്, കർണ്ണാടക എന്നിവിടങ്ങളിൽ നിന്നുമാണ് ബാക്കി കാലിത്തീറ്റ എത്തിച്ചേരുന്നത്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ഇല്ല.

(എഫ്) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളായ മിൽമ, കേരള ഫീഡ്സ് എന്നിവയുടെ പ്രതിദിന ഉല്പാദനശേഷി 500 മെട്രിക് ടൺ ആണ്. ഇവയുടെ പ്രതിദിന ഉല്പാദനശേഷി 600, 650 മെട്രിക് ടൺ ആയി ഉയർത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ, വയനാട്ടിൽ 300 മെട്രിക് ടൺ സ്ഥാപിത ശേഷിയുള്ള പുതിയ കാലിത്തീറ്റ ഫാക്ടറി സ്ഥാപിക്കുന്നതിന് മിൽമയ്ക്ക് സാമ്പത്തിക സഹായം ലഭ്യമാക്കാമെന്ന് എൻ.ഡി.ഡി.ബി. അധികൃതരുമായി ബഹു. മുഖ്യമന്ത്രി നടത്തിയ ചർച്ചയിൽ ധാരണയായിട്ടുണ്ട്.

(ജി) കേരള കാർഷിക സർവ്വകലാശാല മിൽമ, കേരള ഫീഡ്സ് എന്നിവിടങ്ങളിൽ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള സംവിധാനമുണ്ട്. കൂടാതെ, മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ ഏവിയൻ ഡിസീസ് ഡയഗ്നോസ്റ്റിക് ലാബ് തിരുവല്ലയിൽ പ്രവർത്തിക്കുന്നുണ്ട്.

(എച്ച്) സംസ്ഥാനത്തെ മുഴുവൻ കാലിത്തീറ്റയും പരിശോധിക്കുവാൻ ഇന്നുള്ള സംവിധാനം പര്യാപ്തമല്ല. ഏതെങ്കിലും സ്ഥാപനം വിൽക്കുന്ന കാലിത്തീറ്റ ഗുണനിലവാരമുള്ളതല്ല എന്നു പരാതിയുണ്ടായാൽ ആ തീറ്റയുടെ ഗുണനിലവാരം പരിശോധിക്കാവുന്നതാണ്. തീറ്റ ഗുണനിലവാരമില്ലാത്തതാണെന്നു കണ്ടാൽ അതു സംസ്ഥാനത്തേക്ക് കടത്താതിരിക്കുന്നതിന് പ്രത്യേക നിയമനിർമ്മാണം ആവശ്യമാണ്.

ഹാനികരമായ കീടനാശിനികൾ

105 [2860] *ശ്രീ. കെ. പി. മോഹനൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിയിടങ്ങളിൽ ഉപയോഗിക്കാൻ സർക്കാർ അനുവദിച്ച കീടനാശിനികൾ ഏതെല്ലാമാണെന്നതിന്റെ പേരുവിവരം വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly